**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1398** **15-06-2012 - ലെ മറുപടിയ്ക്ക്**

**കൊപ്ര സംഭരണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, ജെയിംസ് മാത്യൂ<br>,, സാജുപോൾ<br>,, പുരുഷൻ കടലുണ്ടി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കൊപ്ര സംഭരണത്തിനായി സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളാണ് രംഗത്തുണ്ടായിരുന്നത്; | (എ) | സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികളാണ് രംഗത്തുള്ളത്. |
| (ബി) ഈ ഏജൻസികൾ ഓരോന്നും ഏത ളവിൽ കൊപ്ര സംഭരണം നടത്തിയെന്ന് വ്യക്തമാക്കുമോ; | (ബി) | മാർക്കറ്റ് ഫെഡ് മുഖേന 1001 ടൺ കൊപ്ര 08-06-2012 വരെ സംഭരിച്ചിട്ടുണ്ട്.<br>കേരഫെഡ് മുഖേന 09-06-2012 വരെ 1451.8 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. |
| (സി) കൊപ്ര സംഭരണത്തിന് നാഫെഡ് മുന്നോട്ടു വെച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; | (സി) | സംഭരിക്കുന്ന കൊപ്രയ്ക്ക് എഫ്.എ.ക്യൂ ഗുണമേന്മ ഉണ്ടായിരിക്കണമെന്ന് നാഫെഡ് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | ശതമാനം പരമാവധി |
|---|---|---|---|
| 1 | അന്യ വസ്തുക്കൾ | - | 1.00 (തൂക്കത്തിൽ) |
| 2 | കറുത്തതും പൂപ്പൽബാധയേറ്റതും | - | 10.00 (എണ്ണത്തിൽ) |
| 3 | കുരുടിച്ച് വികൃതമായത് | - | 10.00 (എണ്ണത്തിൽ) |
| 4 | ചിപ്പ്സ് | - | 10.00 (തൂക്കത്തിൽ) |
| 5 | ജലാംശം | - | 6.00 (തൂക്കത്തിൽ) |

കൂടാതെ കൊപ്രയുടെ വില അക്കൗണ്ട് മുഖാന്തിരം മാറാവുന്ന ക്രോസ് ചെയ്ത ചെക്ക് ആയി മാത്രമേ നൽകാൻ പാടുള്ളൂ എന്നും മുൻകാലങ്ങളിൽ കൊപ്ര സംഭരണത്തിന് നൽകിവരുന്ന ചെലവുകൾ മാത്രമേ ഈ സീസണിലും നൽകുകയുള്ളൂ എന്നും സംഭരണത്തിന് നൽകുന്ന അഡ്മിനിസ്ട്രേറ്റീവ് ചെലവിന്റെ 25 ശതമാനം സി.എ.ജി. ഓഡിറ്റ് കഴിയുന്നതുവരെ നാഫെഡ് പിടിച്ചുവയ്ക്കുമെന്നും ഉള്ള മാനദണ്ഡങ്ങൾ നാഫെഡ് നിഷ്കർഷിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈ വിളവെടുപ്പ് കാലത്ത് സംസ്ഥാനത്തെ കൊപ്ര സംഭരണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | കൊപ്ര സംഭരണത്തിന്റെ പുരോഗതി സംബന്ധിച്ച് കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം 28-05-2012 ൽ കൂടുകയും ടി യോഗ തീരുമാനപ്രകാരം സംഘങ്ങളുടെ മേഖലായോഗങ്ങൾ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05-06-2012 ൽ തിരുവനന്തപുരത്ത് വെച്ചും 08-06-2012 ൽ കോഴിക്കോട് വച്ചും വിളിച്ച് ചേർക്കുകയുണ്ടായി. യോഗത്തിൽ സംഭരണത്തിനുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഇ) | നാഫെഡിന്റെ മാനദണ്ഡങ്ങൾ ഏതെങ്കിലും തരത്തിൽ സംഭരണത്തെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഇ) | എഫ്.എ.ക്യൂ ഗുണനിലവാരമുള്ള കൊപ്ര സംസ്ക്കരിച്ചെടുക്കുന്നതിന് കർഷകർക്കുള്ള വിഷമതകൾ, അക്കൗണ്ട് മുഖാന്തിരം മാറാവുന്ന ക്രോസ് ചെയ്ത ചെക്കുകൾ നൽകുന്നതിന് സംഘങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ, സംഭരണത്തിന് നാഫെഡ് നൽകുന്ന ചെലവുകളുടെ അപര്യാപ്തത തുടങ്ങിയവ സംഭരണത്തെ ബാധിക്കുന്നതായി സംഘങ്ങൾ അറിയിച്ചിട്ടുണ്ടെന്ന് മാർക്കറ്റ്ഫെഡ്, കേരഫെഡ് എന്നീ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05-06-2012 നും 08-06-2012 നും കൂടിയ സംഘങ്ങളുടെ മേഖലായോഗങ്ങളിൽ ടി പ്രശ്നങ്ങൾ പരമാവധി പരിഹരിച്ച് സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ